LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

18 (4073) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര സഹകരണ സംഘങ്ങൾക്കെതിരെ കേസെടുത്തിട്ടുണ്ട് ;

(സി) ക്രമക്കേടുമായി ബന്ധപ്പെട്ട് ഏതൊക്കെ സഹകരണ സംഘം ഡയറക്ടർ ബോർഡ് മെമ്പർമാർക്കെതിരെ കേസ് എടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 238 സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്..

(ബി) ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിൽ 70 സഹകരണ സംഘങ്ങൾക്കെതിരെ പോലീസ് കേസ്/വിജിലൻസ് കേസ് എടുത്തിട്ടുണ്ട്.

(സി) ക്രമക്കേടുമായി ബന്ധപ്പെട്ട് 12 സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡ് മെമ്പർമാർക്കെതിരെ കേസ് എടുത്തിട്ടുണ്ട്. (വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.)*

വയനാട് കരണിയിലെ സഹകരണ പരിശീലന കേന്ദ്രം

19 (4074) ശ്രീ. പി. കൃഷ്ണ പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് കരണിയിലെ സഹകരണ പരിശീലന കേന്ദ്രം ആരംഭിച്ചിട്ട് എത്ര വർഷമായി ; ഇവിടെ എത്ര സീറ്റുകളാണുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പരിശീലന കേന്ദ്രത്തിൽ സീറ്റുകൾ വർദ്ധിപ്പിക്കാനും ഹയർ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഈ സ്ഥാപനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത് എങ്ങനെയാണ് ; ഇവിടെ സ്ഥിരം പരിശീലകരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സ്ഥാപനത്തിന്റെ നവീകരണത്തിനായി പദ്ധതി തയ്യാറാകുമോ ?

ഉത്തരം

(എ) വയനാട് കരണിയിലെ സഹകരണ പരിശീലന കേന്ദ്രം 1983 ജൂലൈ മാസത്തിൽ പ്രവർത്തനം ആരംഭിച്ചു. 2003 ജൂൺ മുതൽ ഒരു ജനറൽ ബാച്ച് കൂടി ആരംഭിച്ചിട്ടുണ്ട്. ഓരോ ബാച്ചിലും 80 സീറ്റ് വീതം ആകെ 160 സീറ്റാണ് ഉള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇക്കാര്യം പരിഗണനയിലില്ല.

(സി) സഹകരണ വകുപ്പിലെ സീനിയർ ഇൻസ്പെക്ടർ തസ്തികയിൽ ജോലി നോക്കുന്ന, യോഗ്യതയുള്ള ഉദ്യോഗസ്ഥരാണ് അദ്ധ്യാപകരായി പ്രവർത്തിക്കുന്നത്. ഇവർ സ്ഥിരം തസ്തികയിലാണ് ജോലി നോക്കുന്നത്.

(ഡി) ഈ സ്ഥാപനത്തിന്റെ നവീകരണത്തിനായി അടിസ്ഥാന സൗകര്യങ്ങൾക്ക് 18.64 ലക്ഷം രൂപയും ഹോസ്റ്റൽ നിർമ്മാണത്തിന് 50 ലക്ഷം രൂപയും അടക്കം ആകെ 68.64 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ധന സഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സഹകരണസംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

സഹകരണ മേഖലയിലെ ലൈബ്രറികൾ

20 (4075) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സഹകരണ മേഖലയിൽ എത്ര ലൈബ്രറികൾ ആരംഭിച്ചു ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) കാക്കനാട് സഹകരണ ലൈബ്രറിപോലെ മറ്റു ജില്ലകളിൽ ഇത്തരം ലൈബ്രറികൾ ഉണ്ടോ ; ഇല്ലെങ്കിൽ ഇത്തരം സഹകരണ ലൈബ്രറികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആകെ 2274 സഹകരണ ലൈബ്രറികൾ ആരംഭിച്ചിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

ജില്ല	സംഘങ്ങളുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	87
കൊല്ലം	140
ആലപ്പുഴ	223
പത്തനംതിട്ട	129
കോട്ടയം	122
ഇടുക്കി	85
എറണാകുളം	219
തൃശ്ശൂർ	295

LIBRARY ARCHIVES Kerala Legislative Assembly